നം. **C2-10131/18**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 01.11.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

**ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി**

വിഷയം :-

സൂചന :- 1) സർക്കാർ ഉത്തരവ് (സാധാ) നം. 242/2018 സാ.നീ.വ., തീയതി. 20.04.2018.

2) സ.ഉ.(സാധാ) നം. 493/2015/സാ.നീ.വ, തീയതി. 03.08.2015.

സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ ക്ഷേമം മുൻനിർത്തി നിരവധി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം സൂചന (1) പ്രകാരം പ്രസ്തുത പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഫീസ്, പഠനോപകരണങ്ങൾ എന്നിവയ്ക്കായി സ്കോളർഷിപ്പിനത്തിൽ തുക അനുവദിച്ച് സൂചന (2) പ്രകാരം സർക്കാർ ഉത്തരവാകുകയും അതിൻ പ്രകാരം 7 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ ക്രമത്തിലും +1, +2 തലത്തിലുള്ള വിദ്യാർത്ഥികൾക്ക് 1500/- രൂപ ക്രമത്തിലും ഡിഗ്രി/പി.ജി. തലത്തിലുള്ളവർക്ക് 2000/- രൂപ ക്രമത്തിലും നിലവിൽ തുക അനുവദിച്ചു വരുന്നുണ്ട്. എന്നാൽ വിവിധ സാമൂഹിക കാരണങ്ങളാൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി കാണുന്നു. കുടുംബത്തിന്റെ പിന്തുണ നഷ്ടപ്പെട്ട് വീടിനു പുറത്ത് പോകേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനായി അനുയോജ്യമായ താമസ സൗകര്യം കണ്ടെത്താൻ കഴിയാതെ വരികയും പഠനം ഉപേക്ഷിക്കാൻ നിർബന്ധിതരാകുകയും ചെയ്യുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ സ്കൂളുകൾ/കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും ട്രാൻസ്ജെൻഡർ വ്യക്തികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങളൊരുക്കി അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായി വീടുകളിൽ നിന്നും അകന്നു കഴിയേണ്ടി വരുന്ന ട്രാൻസ്ജെൻഡർ

AN

PDF processed with CutePDF evaluation edition www.CutePDF.com

വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലത്തിലും നിലനിൽക്കുന്ന വില സൂചികയുടെ അടിസ്ഥാനത്തിലും ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 4000/- രൂപ ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം ലഭ്യമാക്കുന്നതിന് അനിവാര്യമാണെന്ന് കാണുന്നു.

**അപേക്ഷ സമർപ്പിക്കേണ്ട രീതിയും മാനദണ്ഡങ്ങളും**

1. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സെൽഫ് ഫിനാൻസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം ആവശ്യമായ സാക്ഷ്യപത്രങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. (വിദ്യാഭ്യാസ സ്ഥാപനം, ജില്ലാ ജസ്റ്റിസ് ബോർഡ്/ ജില്ലാ സാമൂഹ്യനീതി ഓഫീസർ, കെട്ടിടം ഉടമ എന്നിവരുടെ സാക്ഷ്യപത്രങ്ങൾ).
3. അപേക്ഷകൾ വിശദമായി പരിശോധിച്ച ശേഷം പരിഗണനാർഹരായവർക്ക് കോഴ്സിന്റെ കാലയളവിൽ പ്രതിമാസം 4000/- രൂപ ക്രമത്തിൽ തുക അനുവദിക്കുന്നതാണ്.
4. പഠനം തുടരുന്ന വിദ്യാർത്ഥികൾ എല്ലാ അക്കാഡമിക് ഇയറിലും പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
5. പ്രതിമാസം അനുവദിക്കപ്പെടുന്ന തുക വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിച്ച് ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം ഒരുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിമാസം 4000/- രൂപ ക്രമത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്ക് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-60-200-64(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN

## കേരള സർക്കാർ

## സാമൂഹ്യനീതി വകുപ്പ്

### ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ/താമസ സൗകര്യം ലഭ്യമാക്കുന്നതിനായി നൽകുന്ന ധനസഹായത്തിനുള്ള അപേക്ഷ

(നിബന്ധനകൾ പൂർണ്ണമായും വായിച്ചശേഷം അപേക്ഷ പൂരിപ്പിക്കുക)

1. വിദ്യാർത്ഥിയുടെ പേര് [ഇംഗ്ലീഷിലും (വലിയ അക്ഷരത്തിൽ) മലയാളത്തിലും] :

2. മേൽവിലാസം പിൻകോഡ് സഹിതം :

3. മൊബൈൽ നമ്പർ :

4. അച്ഛന്റെ പേര് :

5. അമ്മയുടെ പേര് :

6. രക്ഷകർത്താവിന്റെ പേരും മേൽവിലാസവും :

7. രക്ഷകർത്താവിന് വിദ്യാർത്ഥിയുമായുള്ള ബന്ധം :

8. വിദ്യാർത്ഥിയുടെ ജനനതീയതിയും വയസ്സും :

10. പഠിക്കുന്ന സ്ഥാപനത്തിന്റെ പൂർണ്ണമായ പേരും മേൽവിലാസവും :

11. സ്ഥാപനത്തിന്റെ സ്വഭാവം :
(ഗവ/ഏയ്ഡഡ്/അൺഎയ്ഡഡ്/സെൽഫ്
ഫിനാൻസ്)

12. സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ല :

13. വിദ്യാർത്ഥിയുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിച്ചിട്ടുള്ള സേവിംഗ് ബാങ്ക് അക്കൗണ്ട് നമ്പർ, IFS കോഡ്, ബാങ്കിന്റെ പേര്, ബ്രാഞ്ച് (പാസ്സ്ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോകോപ്പി ഉൾപ്പെടുത്തണം) :

**സ്ഥലം:** **വിദ്യാർത്ഥിയുടെ പേര് :**

**തീയതി:** **ഒപ്പ് :**

**<u>മാർഗ്ഗനിർദ്ദേശങ്ങൾ</u>**

1. അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കണം.
2. വിദ്യാർത്ഥി ട്രാൻസ്ജെൻഡർ ആണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് /ഐ. ഡി.(സർട്ടിഫിക്കറ്റിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരി കൗണ്ടർ സൈൻ ചെയ്തിരിക്കണം)
3. വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ /ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സാക്ഷ്യപത്രം, ഹോസ്റ്റൽ അധികാരികൾ/കെട്ടിടമുടമയുടെ സാക്ഷ്യപത്രം. (മാതൃകകൾ ഉള്ളടക്കം ചെയ്യുന്നു).
4. ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്.

## ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ്ബോർഡിന്റെ/ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സാക്ഷ്യപത്രം

-----------------------------------------------------------------------------------------------------------
------------------------------------------ (പേരും അഡ്രസ്സും) എന്ന വിദ്യാർത്ഥി --------------------
-----------------------------------------------------------------------------------------------------------
(വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്, കോഴ്സ്) പഠിക്കുകയാണ്. 'ടി' വിദ്യാർത്ഥിയ്ക്ക് സ്വന്തം വീട്ടിൽ താമസിക്കുന്നതിനുള്ള സാഹചര്യമില്ലാത്തതിനാലും കുടുംബത്തിന്റെ പിന്തുണ ലഭിക്കാത്തതുമൂലവും സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുകയാണെന്നും, പഠനം തുടരുന്നതിന് ധനസഹായം അനിവാര്യമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി:

ഒപ്പ് :
പേര് :
(സീൽ):

## ഹോസ്റ്റൽ അധികാരി/കെട്ടിടം ഉടമയുടെ സാക്ഷ്യപത്രം

-----------------------------------------------------------------------------------------------------------
----------------------------------- (പേരും അഡ്രസ്സും) എന്ന വിദ്യാർത്ഥി ---------------------------
-----------------------------------------------------------------------------------------------------------
(വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്, കോഴ്സ്) പഠിക്കുകയാണ്. 'ടി' വിദ്യാർത്ഥി എന്റെ സ്ഥാപനത്തിൽ/കെട്ടിടത്തിൽ മാസവാടകയ്ക്ക് താമസിച്ചാണ് പഠനം തുടരുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി:

ഒപ്പ് :
പേര് :
മേൽവിലാസം :